## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

സംസ്ഥാനത്ത് പുതിയ പ്ലസ് വൺ സീറ്റുകളും ബാച്ചുകളും അനുവദിക്കുന്നത്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സംസ്ഥാനത്തെ 2024-25 അധ്യയന വർഷത്തിൽ പ്ലസ് വൺ പ്രവേശനത്തിന് ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് ഉൾപ്പെടെയുള്ള മുഖ്യ അലോട്ട്മെന്റുകൾ കഴിഞ്ഞപ്പോഴും പ്രവേശനം ലഭിക്കാത്ത, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ വിദ്യാർഥികളുടെ പ്ലസ് വൺ പ്രവേശനത്തിനായി പ്രസ്തുത ജില്ലകളിൽ താൽക്കാലിക അധിക ബാച്ചുകൾ അനുവദിക്കുകയാണ്.

2023-24 അധ്യയന വർഷം സംസ്ഥാനത്ത് ആകെ 425671 (നാല് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി അറുനൂറ്റി എഴുപത്തൊന്ന്) വിദ്യാർഥികൾ എസ്.എസ്.എൽ.സി. പാസായി ഉപരിപഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. പ്ലസ് വൺ പഠനത്തിനായി ആകെ 433471 (നാല് ലക്ഷത്തി മുപ്പത്തി മൂവായിരത്തി നാന്നൂറ്റി എഴുപത്തൊന്ന്) സീറ്റുകൾ മാർജിനൽ സീറ്റ് വർധന ഉൾപ്പെടെ സർക്കാർ എയ്ഡഡ്, അൺ-എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകൾ ലഭ്യമാണ്. സർക്കാർ, എയ്ഡഡ് മേഖലയിൽ 378580 (മൂന്ന്

ലക്ഷത്തി എഴുപത്തിയെട്ടായിരത്തി അഞ്ഞൂറ്റി എൺപത് സീറ്റുകളാണ് ലഭ്യമായിട്ടുള്ളത്.

അക്കാദമിക വർഷം പ്ലസ് വൺ പ്രവേശനത്തിന് സീറ്റ് ക്ഷാമമുണ്ടാകാതിരിക്കുന്നതിനായി അലോട്ട്മെന്റുകളുടെ തുടക്കത്തിൽതന്നെ 2024 മേയ് 8-ലെ സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ആകെ 178 ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30 ശതമാനം മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഹയർസെക്കൻഡറി ഒന്നാം വർഷ പ്രവേശനത്തിന്റെ മുഖ്യഘട്ട അലോട്ട്മെന്റുകൾ പൂർത്തീകരിച്ച് കഴിഞ്ഞപ്പോൾ സംസ്ഥാനത്ത് മലപ്പുറം, കാസർഗോഡ് ജില്ലകളിൽ പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തത ഉണ്ടെന്ന്

പ്രാദേശികമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുകയുണ്ടായി.

മലപ്പുറം ജില്ലയിൽ പ്ലസ് വൺ പ്രവേശനത്തിനുള്ള സീറ്റ് പ്രതിസന്ധി സംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളുടെ പ്രതിനിധികളുമായി 2024 ജൂൺ മാസം 25-ന് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ പത്താം ക്ലാസിൽനിന്ന് തുടർപഠന യോഗ്യത നേടിയ എല്ലാവർക്കും ഹയർ സെക്കൻഡറി പഠനത്തിന് അവസരം ലഭിക്കുന്നില്ലെന്ന കാര്യത്തിൽ, കുറവുള്ള സീറ്റുകളുടെ എണ്ണം പരിശോധിച്ച് ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളുകളിൽ താൽക്കാലിക അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ ഹയർസെക്കൻഡറി വിഭാഗം അക്കാദമിക് ജോയിന്റ് ഡയറക്ടർ, മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇപ്പോൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ സ്ഥിതി കണ്ണൂർ വിദ്യാഭ്യാസ ഉപമേധാവിയും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഒന്നാം സപ്ലിമെന്റ് അലോട്ട്മെന്റ് ലഭിച്ച അപേക്ഷകളും ലഭ്യമായ സീറ്റുകളും വിലയിരുത്തിയതിന്റെ

അടിസ്ഥാനത്തിൽ മലപ്പുറം, കാസർഗോഡ് ജില്ലകളിലെ വിവിധ താലൂക്കുകളിൽ താൽക്കാലിക അധിക ബാച്ചുകൾ അടിയന്തിരമായി അനുവദിക്കുന്നത് ഉചിതമാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ മുഖ്യഘട്ട അലോട്ട്മെന്റുകൾക്കുശേഷം പ്രവേശനം ലഭിക്കാത്ത വിദ്യാർഥികളുടെ വിവരങ്ങൾ താലൂക്കടിസ്ഥാനത്തിൽ വിഷയ കോമ്പിനേഷൻ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ ജില്ലയിലെ എല്ലാ താലൂക്കുകളിലും ഹ്യുമാനിറ്റീസ്, കൊമേഴ്സ് വിഷയങ്ങളിൽ സീറ്റുകളുടെ കുറവ് സമിതി കണ്ടെത്തുകയുണ്ടായി. സീറ്റുകളുടെ കുറവ് പരിഹരിക്കാൻ ജില്ലയിലെ 85 സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ചതിൽ 74 സ്കൂളുകളിൽ സൗകര്യമുണ്ടെന്ന് കണ്ടെത്തി. പുതിയ താൽക്കാലിക ബാച്ച് അനുവദിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് വിദ്യാലയങ്ങൾ മാത്രമെ പരിഗണിച്ചിട്ടുള്ളൂ.

2024-25 വർഷത്തെ ഹയർ സെക്കൻഡറി മേഖലയിലെ വിദ്യാഭ്യാസ ആവശ്യകത സംബന്ധിച്ച സംസ്ഥാനതല സമിതി, ഇതുസംബന്ധിച്ച

റീജിയണൽ സമിതികൾ ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ സമിതി ഇനിപറയുന്ന ശിപാർശകൾ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(i) മലപ്പുറം ജില്ലയിൽ 74 സർക്കാർ സ്കൂളുകളിലായി 120 ഹയർ സെക്കൻഡറി താൽക്കാലിക ബാച്ചുകൾ അനുവദിക്കാവുന്നതാണ്.

(ii) കാസർഗോഡ് ജില്ലയിൽ 18 സർക്കാർ സ്കൂളുകളിലായി 18 ബാച്ചുകൾ താൽക്കാലികമായി അനുവദിക്കാവുന്നതാണ്.

ഇനി പറയുംപ്രകാരം താൽക്കാലിക ബാച്ചുകൾ അനുവദിക്കുന്നത് ഉചിതമാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(a) ഹ്യുമാനിറ്റീസ് കോമ്പിനേഷനിൽ 58 ബാച്ചുകളും കൊമേഴ്സ് കോമ്പിനേഷനിൽ 62 ബാച്ചുകളും കൂടി ആകെ 120 താൽക്കാലിക ബാച്ചുകൾ മലപ്പുറം ജില്ലയിൽ അനുവദിക്കുന്നത് നിലവിലെ സീറ്റ് ക്ഷാമം പരിഹരിക്കാൻ ഉതകുന്നതാണ്.

(b) 59 ഹ്യൂമാനിറ്റീസ് ബാച്ചുകളിലൂടെ ഒരു ബാച്ചിന് 60 എന്ന ക്രമത്തിൽ 3480 സീറ്റുകളും 61 കൊമേഴ്സ് ബാച്ചുകളിലൂടെ 3720 സീറ്റുകളും ലഭ്യമാണ്.

(c) മലപ്പുറം ജില്ലയ്ക്കുപുറമെ കാസർഗോഡ് ജില്ലയിലും വിവിധ താലൂക്കുകളിൽ സീറ്റുകളുടെ കുറവുണ്ട്. ഇതുപരിഹരിക്കുന്നതിനായി ഒരു സയൻസ് ബാച്ചും 4 ഹ്യൂമാനിറ്റീസ് ബാച്ചുകളും 13 കൊമേഴ്സ് ബാച്ചുകളും ഉൾപ്പെടെ ആകെ 18 ബാച്ചുകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

മലപ്പുറം ജില്ലയിലും കാസർഗോഡ് ജില്ലയിലുമായി ആകെ 138 താൽക്കാലിക ബാച്ചുകൾ അനുവദിക്കുന്നതിന് ഒരു വർഷം പതിനാല് കോടി തൊണ്ണൂറ് ലക്ഷത്തിനാൽപതിനായിരം രൂപയുടെ (14,90,40,000) അധിക സാമ്പത്തിക ബാധ്യത പ്രതീക്ഷിക്കുകയാണ്.

നേരത്തെ പരാമർശിച്ച റിപ്പോർട്ടുകൾപ്രകാരം മലപ്പുറം ജില്ലയിൽ 74 സർക്കാർ സ്കൂളുകളിലായി 120 ഹയർ സെക്കൻഡറി താൽക്കാലിക ബാച്ചുകൾ അനുവദിക്കുന്നു.

കാസർഗോഡ് ജില്ലയിൽ 18 സർക്കാർ സ്കൂളുകളിലായി 18 ബാച്ചുകൾ താൽക്കാലികമായി അനുവദിക്കുന്നു. ഇതോടെ പ്ലസ് വൺ പ്രവേശനം സംബന്ധിച്ച പ്രശ്നങ്ങൾക്ക് പൂർണമായി പരിഹാരം കാണുമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> സർ, ഒരു മിനിറ്റ് സമയം അനുവദിക്കണം. സർക്കാർ സ്കൂളുകളിലെങ്കിലും അത് നടപ്പാക്കേണ്ടതല്ലേ; പക്ഷെ പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെ സ്കൂളുകളിൽ സീറ്റുകളുടെ കാര്യത്തിൽ യാതൊരു കണക്കുകളും വച്ചിട്ടില്ല. കോഴിക്കോട് സ്കൂളിലെ സീറ്റുകളുടെ സ്ഥിതി വളരെ മോശമാണ്.

<u>മി. സ്പീക്കർ:</u> യെസ്....പ്ലീസ്....പ്ലീസ്.... ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയ്ക്ക് ചർച്ചയില്ല. പ്രതിപക്ഷ ഉപനേതാവിന് ഒരവസരം കൊടുത്തതാണ്. ശ്രീ. എൻ. ഷംസുദ്ദീൻ അദ്ദേഹത്തിന് നിയമം അറിയാവുന്നതാണ്.